# നീര: കർഷകർക്ക് ഗുണകരമായി തീരുമാനം എടുക്കുമെന്ന് മുഖ്യമന്ത്രി

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി • കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ ഒരു നൂറ്റാണ്ടിനിടെ ഏറ്റവും വലിയ മാറ്റം കൊണ്ടുവരുന്ന പദ്ധതിയാണ് നീര ഉൽപാദനമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. 118 കൊല്ലം പഴക്കമുള്ള എക്സൈസ് നിയമം ഭേദഗതി ചെയ്താണ് നീര ഉൽപാദനത്തിന് അനുമതി നൽകിയത്.

ഒരു തെങ്ങിൽനിന്നു 900 മുതൽ 3,000 രൂപവരെ മാസവരുമാനം ലഭിക്കുന്നു.

എക്സൈസ്, കൃഷി മന്ത്രാലയങ്ങൾതമ്മിലുള്ളത് നീരപദ്ധതിയെ തകർക്കും വിധമുള്ള തർക്കമല്ല. ഇരു കൂട്ടരും മുന്നോട്ടുവച്ച അഭിപ്രായങ്ങൾ പരിശോധിച്ചു കർഷകർക്ക് ഏറ്റവും ഗുണകരമായ തീരുമാനമെടുക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞു.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംരക്ഷണത്തിനു സിഐഎസ്എഫിനെ ചുമതലപ്പെടുത്തണമെന്ന തമിഴ്നാടിന്റെ ആവശ്യത്തിനു ന്യായീകരണമില്ല.

അണക്കെട്ട് കേരളത്തിനുള്ളിലാണ്. അതിനു സംരക്ഷണം നൽകേണ്ടതു സംസ്ഥാനത്തിന്റെ ചുമതലയാണ്. അതു വേണ്ടവിധം നിറവേറ്റും.

ആറന്മുള വിമാനത്താവളത്തിനു കേന്ദ്ര സർക്കാർ അനുമതിയുണ്ടെങ്കിൽ മുന്നോട്ടു പോകും. വിമാനത്താവളത്തിന് അനുമതി നിഷേധിക്കാൻ ഉദ്ദേശ്യമില്ല. മുൻ സർക്കാരാണ് അനുമതി നൽകിയത്.

യുഡിഎഫ് സർക്കാർ അതിനോടു യോജിക്കുന്നു. 10% ഓഹരി വാങ്ങുകയെന്ന തീരുമാനത്തിൽനിന്നു പിന്മാറാനും സർക്കാരിന് ഉദ്ദേശ്യമില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.